**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2250** **20-01-2021 - ൽ മറുപടിയ്ക്ക്**

**ഓണക്കിറ്റ് വിതരണവുമായി ബന്ധപ്പെട്ട നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദീൻ ,<br>ശ്രീ . ടി. വി. ഇബ്രാഹിം ,<br>ശ്രീ . പി . ഉബൈദുള്ള ,<br>ശ്രീ എൻ. എ. നെല്ലിക്കുന്ന് | | Shri P. Thilothaman<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) | |
| (എ) | ഓണത്തിന് സപ്ലൈകോ വഴി വിതരണം ചെയ്ത ഓണക്കിറ്റിലെ ഏതെല്ലാം ഇനങ്ങളാണ് ഭക്ഷ്യയോഗ്യമായിരുന്നില്ലെന്ന് കണ്ടെത്തിയത് എന്നറിയിക്കാമോ; | (എ) | ഓണക്കിറ്റിലൂടെ വിതരണം ചെയ്ത ഭക്ഷ്യ വസ്തുക്കളിൽ ഏതാനും ലോഡ് ശർക്കരയും മുളക് പൊടിയുടെ ഒരു ബാച്ചും ആണ് ഭക്ഷ്യയോഗ്യമല്ലെന്ന് കണ്ടെത്തിയത്. |
| (ബി) | ഗുണനിലവാരമില്ലാത്ത സാധനങ്ങൾ വിതരണം ചെയ്തവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; | (ബി) | ഭക്ഷ്യയോഗ്യമല്ലാത്ത ശർക്കര വിതരണം ചെയ്ത സപ്ലയർമാരെ ഒരു വർഷത്തേക്കും നിലവാരം കുറഞ്ഞ പർപ്പടകം വിതരണം ചെയ്ത സപ്ലയറെ മൂന്ന് മാസത്തേക്കും വിലക്കിയിട്ടുണ്ട്. ഹെഡ് ഓഫീസ് മാനേജ്മെന്റ് കമ്മിറ്റിയുടെ (HOMC) ശുപാർശയുടെയും ടെണ്ടർ വ്യവസ്ഥകളുടെയും അടിസ്ഥാനത്തിൽ പേയ്മെൻറ് കട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ഗുണനിലവാരം പരിശോധിക്കാനുള്ള സമിതി എന്തെല്ലാം നടപടി സ്വീകരിക്കാനാണ് നിർദ്ദേശിച്ചിരിക്കുന്നത്; വിശദമാക്കുമോ? | (സി) | ഭക്ഷ്യ കിറ്റിലെ സാധനങ്ങളിൽ കണ്ടെത്തിയ ഗുണനിലവാര വ്യതിയാനങ്ങൾ പരിശോധിച്ച ഹെഡ് ഓഫീസ് മാനേജ്മെന്റ് കമ്മിറ്റി (HOMC) താഴെ പറയുന്ന നടപടികൾ ശുപാർശ ചെയ്തിട്ടുണ്ട്. ഭക്ഷ്യ യോഗ്യമല്ലെന്ന് കണ്ടെത്തിയ ശർക്കരയ്ക്ക് പേയ്മെൻറ് നല്കേണ്ടതില്ല. സബ് സ്റ്റാൻഡേർഡ് ആയ ശർക്കരയിൽ കണ്ടെത്തിയ ഗുണനിലവാര വ്യതിയാനത്തിന് വിലയുടെ ഇരട്ടി തുക പെനാൽറ്റി ആയി ഈടാക്കുക. ഭക്ഷ്യ സുരക്ഷാ ഓഫീസർമാർ സാമ്പിളുകൾ ശേഖരിച്ചിട്ടുള്ള ലോട്ടുകളുടെ പേയ്മെൻറ് തടഞ്ഞു വെയ്ക്കുക. ഗുണനിലവാര വ്യതിയാനം കണ്ട സ്റ്റോക്കുകൾ തിരിച്ചെടുക്കുന്നതു വരെ പേയ്മെൻറ് നല്കേണ്ടതില്ല. ശരിയായ ലേബൽ ഇല്ലാതിരുന്ന ലോട്ടുകൾക്ക്, പർച്ചേസ് ഓർഡർ നല്കിയ തീയതിയിലെ എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്കൽ ഡിപ്പാർട്ട്മെന്റിന്റെ ഹോൾസെയിൽ റേറ്റ് മാത്രം വിലയായി നല്കുക. മേൽ |

| | | | |
|---|---|---|---|
| | | | ശുപാർശകളിന്മേൽ സപ്ലൈകോ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ